**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 537 — 26/10/2016-ൽ മറുപടിയ്ക്ക്.

**ക്ഷീര കർഷകർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. രാജഗോപാലൻ<br>ശ്രീ.ജോർജ്.എം.തോമസ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.കെ.ഡി.പ്രസേനൻ | | ശ്രീ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കറവക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | ഇതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ 650 കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനായി ക്ഷീര വികസന വകുപ്പ് 162.50 (ഒരു കോടി അറുപത്തിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷത്തിലേക്ക് 50% ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഉൾപ്പെടെ കറവ യന്ത്രം വാങ്ങുന്നതിനായി 90 (തൊണ്ണൂറ് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.എറണാകുളം മേഖലാ യൂണിയൻ നടപ്പ സാമ്പത്തിക വർഷം 50 കറവയന്ത്രങ്ങൾക്ക് 10,000 രൂപ |

നിരക്കിൽ ധനസഹായം ചെയ്യുന്നതിന് 5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മലബാർ മേഖലാ യൂണിയൻ 2016-17 വർഷം മിൽമ നടപ്പാക്കുന്ന ഫാം സപ്പോർട്ട് പദ്ധതി വഴി 155 കറവയന്ത്രങ്ങൾ വാങ്ങുന്നതിന് കറവയന്ത്രം ഒന്നിന് 15,000 രൂപ സബ്സിഡി കണക്കാക്കി 23.25 (ഇരുപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) | തീറ്റപ്പുൽ കൃഷിക്കായി ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | നടപടി സ്വീകരിച്ചിട്ടുണ്ട്. 2016-17 വർഷം മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയന്റെ കീഴിലുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലായി പുൽകൃഷി സംരംഭക പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്.<br><br>എറണാകുളം മേഖലാ യൂണിയന്റെ 2016-17 വർഷത്തെ ബഡ്ജറ്റിൽ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ഒരു ഫോഡർ ഗ്രിഡ് സ്ഥാപിക്കുന്നതിന് 10 (പത്ത് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ വകയിരുത്തിയുണ്ട്.<br><br>മലബാർ മേഖലാ യൂണിയൻ പുൽകൃഷി ചെയ്യുന്നതിന് ആവശ്യമായ വിത്തുകൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ നിന്നും സംഭരിച്ച് സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നു. 2015-16-ൽ 27,155 കിലോവിത്തും 2016-17 ൽ 23,990 കിലോ വിത്തും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.